രണ്ട് കത്ത് എഴുതി, അതുകൊണ്ട് അങ്ങ് നിർബന്ധപൂർവ്വം ചീഫ് സെക്രട്ടറിയെ പ്രസാർഭാരതി ബോർഡുമായിട്ട് ചർച്ച ചെയ്യുന്നതിന് അയച്ച്, അവരെ ഇവിടെ വരുത്തി ഈ അവഗണനയ്ക്കു പരിഹാരമുണ്ടാക്കണം. അവിടത്തെ ഉദ്യോഗസ്ഥൻമാരുടെ കളിയാണ്; അവരുടെ അവഗണനയാണ്. കേരളീയരോടുള്ള അവരുടെ ഈ അവഗണന അവസാനിപ്പിച്ച് നമുക്ക് ഇവിടെനിന്നു തന്നെ-ആന്ധ്രാപ്രദേശിൽ തുടങ്ങിയതുപോലെ, അവരുടെ ഭാഷ വിദേശ രാജ്യങ്ങളിലുള്ള അവരുടെ നാട്ടുകാർക്ക് കേൾക്കാൻ കഴിയുന്നതുപോലെ നമ്മുടെ ഭാഷ നമ്മുടെ നാട്ടുകാർക്കും കേൾക്കാൻ ഇതിവിടെനിന്ന് തുടങ്ങുന്നതിനുള്ള എല്ലാവിധ സ്വാധീനവും സ്റ്റേറ്റ് ഗവൺമെന്റ് ഉപയോഗിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവഗണനയില്ല എന്നല്ല. അവഗണനയുണ്ട്. എന്തായാലും സെപ്റ്റംബർ 11-ാം തീയതി ഇലക്ഷൻ വരികയാണ്. അപ്പോൾ നമുക്കൊരു പുതിയ സംവിധാനം വരുമോ എന്ന് നോക്കാം. അല്ലെങ്കിൽ ഉദ്യോഗസ്ഥൻമാരും അധികൃതരുമായി സമീപിച്ച് ഇത് കൈകാര്യം ചെയ്യാം. ഗൾഫ് മലയാളികൾക്കുവേണ്ടി ഒരു പ്രത്യേക പ്രക്ഷേപണം ആരംഭിക്കാൻ കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അത്രയേ ഉള്ളൂ. ഇതിനുള്ള പ്രത്യേക പ്രക്ഷേപണ യൂണിറ്റ് ഡൽഹിയിൽ തുടങ്ങാനാണ് നിർദ്ദേശമെന്ന് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ യൂണിറ്റ് കേരളത്തിൽത്തന്നെ ആയിരിക്കേണ്ടതിന്റെ ആവശ്യകതയും സൗകര്യവും വിശദമായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ വകുപ്പുമന്ത്രിക്ക് 16-2-99-ൽ ഞാൻ കത്ത് എഴുതിയിരുന്നു. ഈ കാര്യം പരിശോധനയിൽ ആണെന്നറിയിച്ചുകൊണ്ട് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പുമന്ത്രിയിൽനിന്നും ഒരു മറുപടിയും കിട്ടിയിട്ടുണ്ട്. ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറിയും കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ വകുപ്പുമന്ത്രിയെ ഓർമ്മക്കുറിപ്പിലൂടെ അറിയിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സമ്മർദ്ദം നമുക്ക് താമസിയാതെ ചെലുത്താവുന്നതാണ്. ഏതായാലും പ്രസാർഭാരതി അതുപോലെതന്നെ ഉണ്ടാകുമോ എന്ന് നമുക്ക് നോക്കാം. അതിന് നമുക്ക് ശ്രദ്ധ ചെലുത്താം.

ശ്രീ. പാലോട് രവി : അങ്ങ് പറഞ്ഞതുപോലെ തെരഞ്ഞെടുപ്പിന്റെ സാഹചര്യമാണ്; ചീഫ്സെക്രട്ടറി ഓർമ്മക്കുറിപ്പ് അറിയിച്ചിട്ടുമുണ്ട്. പ്രസാർഭാരതി ബോർഡാണ് തീരുമാനമെടുക്കുന്നത് എന്നുപറഞ്ഞു. ഈ പ്രസാർഭാരതി ബോർഡിലെ ഉന്നതൻമാരായ ചീഫ് എക്സിക്യൂട്ടീവും ഡയറക്ടർ ബോർഡുമായി സംസാരിക്കുന്നതിന്, ദയവായി ഈ തെരഞ്ഞെടുപ്പ് വച്ചിരിക്കുന്ന പശ്ചാത്തലത്തിൽ, അവർക്കാവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഇവിടെയുള്ളത് അവരെ ബോദ്ധ്യപ്പെടുത്തുന്നതിന് അങ്ങേക്ക് ചീഫ് സെക്രട്ടറിയെ ഒന്ന് ഡെൽഹിയിൽ അയയ്ക്കാമോ?

ശ്രീ. ഇ.കെ. നായനാർ : ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇപ്പോൾ ഇലക്ഷൻ ടൈമിൽതന്നെ അതിന്റെ നടപടി എന്താണെന്നു പരിശോധിച്ചിട്ട് ചെയ്യാം.

2. സമൂഹത്തിൽ മൂല്യച്യുതിയുണ്ടാക്കിയേക്കാവുന്ന പരസ്യങ്ങൾ, പ്രസിദ്ധീകരണങ്ങൾ, കാസറ്റുകൾ എന്നിവ നിരോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, നമ്മുടെ സമൂഹം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അപകടകരമായ ചില പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതിനാണ് ഞാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. മനുഷ്യസ

LIBRARY ARCHIVES Kerala Legislative Assembly

മൂഹം മനുഷ്യസമൂഹമായി നിലനിൽക്കണമെങ്കിൽ ചില മൂല്യങ്ങൾ സംര ക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനു വേണ്ടിയാണ് നിയമങ്ങളുണ്ടാക്കുന്നത്. എന്നാൽ ഇന്ന് സമൂഹത്തിനകത്ത് ആർക്കും എന്തും ചെയ്യാവുന്നതാണ് എന്ന രീതിയിലേക്ക് നമ്മുടെ സ്വാതന്ത്ര്യ ബോധത്തെ തന്നെ വികലമാക്കുന്ന രീതിയിൽ അത്തരത്തിലുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെയെല്ലാം പ്രദേശങ്ങളിൽ കുടുംബങ്ങ ളിൽ ഒരുപാട് പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. പരസ്യങ്ങളും പ്രചരണ ങ്ങളും മാധ്യമങ്ങളുമെല്ലാം ചേർന്ന് സമൂഹത്തിന്റെ പുതിയ തലമുറയെ തന്നെ കുറ്റവാളികളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു എന്നാണ് ഒരുപാട് അനുഭവ ങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. നമ്മുടെ രാജ്യത്തു നിന്നാകെ വന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളിൽ പറയുന്നത് കൗമാരപ്രായ ത്തിലുള്ള കുറ്റവാളികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു എന്നാണ്; യുവത ലമുറയെത്തന്നെ വലിയരീതിയിൽ കുറ്റകൃത്യങ്ങൾക്ക് പ്രോൽസാഹിപ്പിച്ചു കൊണ്ടിരിക്കുന്നു എന്നതാണ്; അതുപോലെതന്നെ ലൈംഗിക അരാജകത്വം നിറഞ്ഞ ഒട്ടേറെ സംഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണ്. ഇതെല്ലാംതന്നെ വലിയ ബുദ്ധിമുട്ട് നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കി വയ്ക്കുന്ന പ്രശ്നങ്ങളാണ്. അതിനെയെല്ലാം നിയന്ത്രിക്കുന്നതിന് കഴിഞ്ഞില്ലെങ്കിൽ ഉണ്ടാക്കിയെടുക്കുന്ന എല്ലാ നേട്ടങ്ങളും തകർച്ചയിലേക്ക് നീങ്ങുമെന്നാണ് പറയുവാനുള്ളത്. ഇതു പ്രചാരണത്തിന്റെ നൂറ്റാണ്ടാണെന്ന് വിശേഷിപ്പിക്കാറുണ്ട്. എന്നാൽ ആ പ്രചാരണങ്ങളിലൂടെ കടന്നുവരുന്നത് സുഖലോലുപത്വത്തിന്റേയും അതുപോലെ ഉപഭോഗ സംസ്കാരത്തിന്റേയും ആശയങ്ങളാണ്. സമൂഹത്തിലെ പ്രശ്നങ്ങളെ നേരിടുന്ന പുതിയ തലമുറയെ സൃഷ്ടിക്കുന്നതിനുപകരം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയുമെല്ലാം ലഹ രിക്ക് അടക്കം കുട്ടികൾ അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ കലാ ശാലാ കാമ്പസ്സുകൾ മയക്കുമരുന്നിന് അടിമകളായിക്കൊണ്ടിരിക്കുന്നു എന്നാണ് പറയുന്നത്. പുതിയ ലഹരികളെക്കുറിച്ചുള്ള പ്രയോഗങ്ങളും പ്രചര ണങ്ങളും വന്നുകൊണ്ടിരിക്കുകയാണ്. കൊക്കെയിൻ എന്നു പറയുന്ന ലഹരി വസ്തു നമ്മുടെ കലാശാലാ കാമ്പസ്സുകളിലേക്ക് കടന്നു ചെല്ലുന്നു എന്നു പറയുന്നു. ഇപ്പോൾ അത് പുതിയ പ്രചരണമായിട്ടും സുഖലോലുപത്വത്തിന്റെ ഭാഗമായിട്ടുമാണ് കാണുന്നതെങ്കിലും നാളത്തെ സമൂഹത്തിൽ അതൊരു വലിയ പ്രശ്നമായിട്ട് വരുന്നു എന്നുള്ളതാണ് വസ്തുത. ലഹരി വസ്തുക്കൾ അമിതമായിട്ട് ഉപയോഗിക്കുന്നതിന്റെ ഫലമായി കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള പ്രേരണയും ചെറുപ്പക്കാരുടെ ഇടയിൽ വളർന്നുവരികയാണ്. അതുപോലെ തന്നെ സുഖലോലുപത്വത്തിന്റെ ഭാഗമായി വരുന്ന മറ്റൊരു രീതിയിലുള്ള അരാജകത്വങ്ങളും. നമ്മുടെ പെൺകുട്ടികൾ വഴിതെറ്റിക്കപ്പെടുകയാണ്. ദീപിക പത്രത്തിന്റെ ലേഖകൻ നടത്തിയിട്ടുള്ള ഒരു അന്വേഷണത്തിന്റെ ഭാഗ മായി പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടുണ്ട്. കേരളത്തിൽ നടന്നിട്ടുള്ള സംഭവങ്ങ ളാണ്. വളരെ പേടിപ്പെടുത്തുന്ന വസ്തുതകളാണ് റിപ്പോർട്ടിനകത്ത് പ്രസിദ്ധീ കരിച്ചിരിക്കുന്നത്. 'കൂട്ടം തെറ്റി പറക്കുന്ന കൗമാരങ്ങൾ' എന്നാണ് ആ ലേഖ നത്തിന്റെ പേര്. അതിൽ നിറം പിടിപ്പിക്കാത്ത കാര്യങ്ങളാണ് എഴുതിയിരിക്കു ന്നത് എന്ന് ലേഖകൻ പറയുന്നു. കണ്ണൂർജില്ലയിൽ രണ്ടുമൂന്നു പ്രശ്നങ്ങളു ണ്ടായിരുന്നു. 1992-ൽ സീന എന്ന ഒരു പെൺകുട്ടി ആത്മഹത്യ ചെയ്തു. ആ പെൺകുട്ടിയുടെ ആത്മഹത്യയുടെ കാരണം അന്വേഷിക്കുമ്പോൾ ഏതോ ഒരു നീലച്ചിത്ര നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ടതിന്റെ ഫലമായിട്ടാണ് ആ കുട്ടിക്ക് ജീവനൊടുക്കേണ്ടി വന്നത് എന്നാണ് മനസ്സിലാകുന്നത്. അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ശ്രീജ, സവിത എന്നീ രണ്ടു പെൺകുട്ടികളും ആത്മഹത്യ ചെയ്തത് ആ പെൺകുട്ടികൾ രഹസ്യമായി ഫോട്ടോഗ്രാഫിക്ക് വിധേയരാക്കപ്പെട്ടിരുന്നു എന്നതുകൊണ്ടാണെന്ന് സംശയമുണ്ട്. നീലച്ചിത്രങ്ങളുണ്ടാക്കുകയും ആ ചിത്രങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തി കാശ് സമ്പാദിക്കാനുള്ള മാർഗ്ഗമായിട്ട് അത് ഉപയോഗിക്കുകയും ചെയ്യുന്നു. മഞ്ഞച്ചിത്രങ്ങളും നീലച്ചിത്രങ്ങളുടെ നിർമ്മാണവും കാസറ്റുകടകളും എല്ലാം നമ്മുടെ നാട്ടിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ധാരാളം പെൺകുട്ടികളുടെ ജീവിതം തകരുന്നു. കുടുംബത്തിന്റെ ജീവിതവും തകരുന്നു. പക്ഷേ ഒട്ടേറെ നിസ്സംഗതയോടുകൂടിയാണ് അതെല്ലാം നോക്കിക്കാണുന്നത്. ഈ നശിപ്പിക്കപ്പെടുന്ന പെൺകുട്ടികൾ നമ്മുടെ വീട്ടിലെ കുട്ടികളാണെന്നുള്ള ധാരണയോടുകൂടി ആ കുറ്റകൃത്യങ്ങൾക്ക് എതിരായിട്ട് പ്രതികരിക്കാൻ നമ്മിൽ പലർക്കും കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. പുതിയ സംവിധാനമൊക്കെ വന്നപ്പോൾ കുറ്റങ്ങളെല്ലാം പെരുകുകയാണ്. അശ്ലീല ചിത്രം ഇന്റർനെറ്റിൽ എന്നു പറഞ്ഞ് ഒരു വാർത്ത വന്നിരിക്കുന്നു. കോളേജിലെ കുറെ പെൺകുട്ടികളുടെ നഗ്നചിത്രങ്ങൾ ഇന്റർനെറ്റിൽ തെളിഞ്ഞു. പല വീടുകളിലും അത് കാണാനിടയായി എന്നാണ് പറയുന്നത്. ഇത്തരത്തിലുള്ള ചിത്രങ്ങൾ എടുക്കുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുന്നതും ഈ സുഖലോലുപത്വത്തിന്റെ ഭാഗമായിട്ടുള്ള പ്രചരണതന്ത്രത്തിൽ ഇരയാകുന്നതുകൊണ്ടാണെന്ന് സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ ഒരുപാട് ദീർഘിപ്പിച്ചു പറയുന്നില്ല. അമേരിക്കയിലെ പ്രസിഡന്റ് ബിൽ ക്ലിന്റൻ പറഞ്ഞിരുന്നു, ''കുട്ടികൾക്ക് കുട്ടികളുണ്ടാകുന്നതാണ് എന്റെ നാടിന്റെ ശാപ''മെന്ന്. ആ രീതിയിലേക്ക് നമ്മുടെ സമൂഹം നീങ്ങികൊണ്ടിരിക്കുകയാണ്. അമേരിക്കയിലൊക്കെ ഉണ്ടായിട്ടുള്ള ഉപഭോഗസംസ്കാരം വിവിധ മാധ്യമങ്ങളിലൂടെ നമ്മുടെ രാജ്യത്തേക്ക് യാതൊരു തടസ്സവുമില്ലാതെ കടന്നുവരുമ്പോൾ ഈ സമൂഹവും ആ രീതിയിലേക്ക് വഴിതെറ്റിക്കപ്പെടുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച നിയമസഭാസമിതിയിലെ ഒരംഗമെന്നുള്ള നിലയിൽ പറയട്ടെ, ആ കമ്മിറ്റി മുമ്പാകെ വരുന്ന കേസ്സുകൾ ഞെട്ടിപ്പിക്കുന്നതാണ്. പത്തും പതിനാലും വയസ്സ് പ്രായമുള്ള പെൺകുട്ടികൾ കമ്മിറ്റി മുമ്പാകെ വന്നിട്ട് കുഞ്ഞിന്റെ പിതൃത്വം നിർണ്ണയിക്കുന്നതിന് സഹായം ചെയ്തുതരണമെന്നഭ്യർത്ഥിക്കുകയാണ് നിർദ്ധന കുടുംബത്തിലെ പെൺകുട്ടികൾ. ഇങ്ങനെ വഴി തെറ്റിക്കപ്പെടുന്ന ഒരു സമൂഹം നമ്മുടെ ഇടയിൽ വളർന്നുവന്നാൽ അത് കേരളീയ ജീവിതത്തിന് എന്തുമാത്രം അപകടകരമായിരിക്കുമെന്ന് ചിന്തിക്കാൻ നമുക്ക് കഴിയണം. ഇതിനെയെല്ലാം നിയന്ത്രിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. പിഞ്ചുകുട്ടികളെയടക്കം ഇത്തരത്തിലുള്ള പ്രചരണത്തിന് വശംവദരാക്കുകയാണ്. ജോൺസ് കുടയുടെ പരസ്യത്തെക്കുറിച്ച് പത്രത്തിലെല്ലാം വന്നു. വനിതാ കമ്മിഷൻ ഇടപെട്ടിട്ടാണ് ആ പരസ്യം നിർത്തിയത്. തീരെ ചെറിയ ഒരു പെൺകുട്ടിയും/ഒരു ആൺകുട്ടിയും. പെൺകുട്ടിയേക്കാൾ ചെറിയൊരു ആൺകുട്ടി. ആ കുട്ടികളെ ആ പരസ്യത്തിന് ഉപയോഗിച്ച മാർഗ്ഗം ജുഗുപ്സാവഹമായിരുന്നു എന്നുള്ളതാണ് വസ്തുത. പരസ്യം നിരോധിക്കണമെന്ന് വനിതാ കമ്മിഷൻ ആവശ്യപ്പെട്ടുവെങ്കിലും ചില റെയിൽവേ സ്റ്റേഷനുകളിൽ ആ പരസ്യം ഇപ്പോഴും തുടർന്നു നടത്തുകയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കുന്നതിന് നമുക്ക് കഴിയണം. അശ്ലീല ചിത്രങ്ങൾ പ്രസിദ്ധീകരിക്കുകയും ഉണ്ടാക്കുകയുമൊക്കെ ചെയ്യുന്ന പ്രസിദ്ധീകരണശാലകൾ കണ്ടുകെട്ടുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും നിയമങ്ങളുണ്ട്. പക്ഷേ ഇപ്പോൾ അത് നിർബാധം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരു തട

LIBRARY ARCHIVES Kerala Legislative Assembly

സ്സവുമില്ലാതെ നമ്മുടെ സമൂഹത്തിനകത്ത് അത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുക യാണ്. അതിനെ നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികളുണ്ടാകണം. നടപ ടികൾ കൊണ്ടു മാത്രം, നിരോധനം കൊണ്ടുമാത്രം, ഇതെല്ലാം നിയന്ത്രിക്കാൻ കഴിയുമെന്ന അഭിപ്രായമില്ല. ലോകത്തിലാകെ ഇത്തരം കാര്യങ്ങൾ പ്രചരിപ്പി ക്കാനുള്ള സാങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച സ്ഥിതിക്ക് നമുക്കു ഒന്നുകൂടി ചെയ്യാൻ കഴിയുന്നത് നമ്മുടെ സമൂഹത്തെ രക്ഷപ്പെടുത്താനാവശ്യമായ ശക്തമായിട്ടുള്ള നിയന്ത്രണമേർപ്പെടുത്തുകയും അതുപോലെതന്നെ പ്രചരണ ങ്ങൾ നടത്തുകയും ബോധവൽക്കരണം നടത്തുന്നതുമാണ്. അതുപോലെ തന്നെ പ്രചരണ മാദ്ധ്യമങ്ങൾ മുഖേനയും നമുക്ക് ഇത്തരത്തിലുള്ള അപകട ത്തിനെതിരെ ബോധവൽക്കരണം നടത്തണം. ഇത്തരത്തിലുള്ള കുറ്റകൃത്യ ങ്ങൾക്കെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഇതിനെയെല്ലാം നിയന്ത്രിക്കാൻ നമുക്ക് കഴിയണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗ മായി എനിക്ക് പറയുവാനുള്ളത്.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃ ഷ്ണൻ) സർ, സാംസ്കാരിക മൂല്യച്യുതിക്കും അക്രമങ്ങൾക്കും ഇടവരു ത്തുന്ന വിധത്തിലുള്ള പരസ്യങ്ങൾ, പ്രസിദ്ധീകരണങ്ങൾ, കാസറ്റുകൾ എന്നി വയുടെ നിർമ്മാണവും വിതരണവും കർശനമായി തടയുന്നതിനുള്ള നടപ ടിയും ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുകയും വേണമെന്നാണ് ശ്രീമതി ശൈലജ ടീച്ചർ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഉദ്ദേശിക്കുന്നത്. ടീച്ചർ തന്നെ ഈ നിയമസഭയിൽ ഇത്തരം പ്രശ്നങ്ങൾ കൊണ്ടുവരികയും ഞാൻതന്നെ മറുപടി പറയുകയും ചെയ്തിട്ടുള്ളതാണ്. എന്നിട്ടും തടയപ്പെടു ന്നില്ലെന്നകാര്യത്തിൽ ടീച്ചർ കാണിച്ച ജാഗ്രത അഭിനന്ദനാർഹമാണ്. അത്യന്തം ഗൗരവതരമായ ഒരു സാമൂഹ്യവിപത്തിലേക്കാണ് ടീച്ചർ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. സാംസ്കാരികരംഗത്ത് പരസ്യങ്ങളും സിനിമകളും പ്രസിദ്ധീകരണങ്ങളും ഗുണകരമായ ഒട്ടനവധി കാര്യങ്ങൾ ചെയ്യുന്നുണ്ടെ ങ്കിലും ദോഷഫലങ്ങൾ ഉളവാക്കുന്നവയും ഉണ്ട്. സമീപകാലത്ത് ഒരു കൊല ക്കേസ്സിൽ പിടിക്കപ്പെട്ട പ്രതി, ഇത്തരം സിനിമാ കഥകളാണ് ഇത്തരത്തിലുള്ള കൊലപാതകത്തിന് തന്നെ പ്രേരിപ്പിച്ചതെന്ന് പോലീസിനോട് പറഞ്ഞു. ഗ്ലൂക്കോസിൽ കീടനാശിനി കുത്തിവച്ച് ഭാര്യയെ കൊലപ്പെടുത്താൻ പ്രചോദ നമായത് ചില സിനിമകളാണെന്ന് മറ്റൊരു പ്രതി പോലീസിനോട് പറഞ്ഞ തായും റിപ്പോർട്ട് വായിക്കുകയുണ്ടായി. കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ പ്പോലെ തന്നെ അതിന് പ്രേരണ നൽകുന്നവരും ശിക്ഷാർഹരാണ്. ഇവരെ കണ്ടെത്തുന്നതിന് ബോധവൽക്കരണം ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് യോജിക്കുന്നു. അശ്ലീല പ്രസിദ്ധീകരണങ്ങ ളുടെ അച്ചടിയും വില്പനയും തടയുന്നതിനുവേണ്ടി രഹസ്യ വിവരം ശേഖ രിച്ച്, ഇത്തരം പ്രസിദ്ധീകരണങ്ങൾ വിൽക്കുന്ന പുസ്തശാലകളിലും അച്ചടി ക്കുന്ന പ്രസ്സുകളിലും റെയ്ഡുകൾ നടത്തി, അപ്രകാരം പ്രവർത്തിക്കുന്ന വർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അവർ താഴോട്ട് നിർദ്ദേശം കൊടുത്തതിന്റെ വിവരങ്ങൾ പത്രത്തിലും അതുമായി ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിലുംപ്പെട്ടിട്ടുണ്ട്. സർക്കുലർ നമ്പർ 7/98, സർക്കുലർ നമ്പർ 18/83. സിനിമാ സംബന്ധമായ അശ്ലീല പരസ്യങ്ങൾ പൊതുസ്ഥലങ്ങളിലും തിയേറ്ററുകൾക്കു മുന്നിലും പ്രദർശിപ്പിക്കുന്നതിനെക്കു റിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങളിൽ അശ്ലീല

LIBRARY ARCHIVES Kerala Legislative Assembly

ചിത്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത മുദ്രയില്ലാതെ പ്രദർശിപ്പിക്കുന്നത് കണ്ടാൽ നിയമനടപടികൾ സ്വീകരിക്കുന്നതായും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണമെന്നും പഞ്ചായത്ത് മുനിസിപ്പൽ ഡയറക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം അശ്ലീല ചിത്രങ്ങളുടെ വീഡിയോ കാസറ്റുകളുടെ പ്രദർശനവും വിൽപ്പനയും തടയുന്നതിന് തുടരെത്തുടരെയുള്ള റെയ്ഡുകൾ നടത്തി, ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം എല്ലാ നടപടികളുമെടുത്തിട്ടും കുറ്റകൃത്യങ്ങൾ കുറയുന്നില്ല എന്നുള്ളത് കാണിക്കുന്നത് നമ്മുടെ സമൂഹത്തിൽ വളർന്നുവരുന്ന അരാജകത്വപരമായ പ്രവർത്തനത്തിന്റെ ലക്ഷണമായിട്ടാണ്. ഏതായാലും ബോധവൽക്കരണ പരിപാടിക്ക് വളരെയധികം പ്രാധാന്യം നൽകേണ്ടതാണ്. എത്ര നിയമനടപടികൾ എടുത്താലും ആ നിയമനടപടികളെ അതിജീവിക്കുന്നതരത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. ഈ നിയമനടപടികൾ ഇല്ലാതാക്കാൻ നിവൃത്തിയില്ല. അമേരിക്കയിലും മറ്റുമാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് പ്രശസ്തി കൂടിക്കൂടിവരുന്നു എന്നാണ് പ്രചരണം. ഇവിടെ എങ്ങനെ ഇതിനെ തടയാൻ പറ്റും എന്നാണ് ആലോചിക്കേണ്ടത്. നമ്മൾ എല്ലാവരുടേയും യോജിച്ചുള്ള പ്രവർത്തനം ഉണ്ടാകണം. നമ്മുടെ മെമ്പർക്ക് വിയോജിപ്പുണ്ടാകും എന്നു തോന്നുന്നില്ല.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, ഇത്തരം പരസ്യങ്ങൾ സെൻസർ ചെയ്യാനുള്ള സെൻസർബോർഡിന്റെ നടപടി കുറച്ചുകൂടി കർശനമാക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാം.

III. സബ്മിഷൻ

(1) സർക്കാർ സഹായം ലഭിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും ജോലി സംവരണം

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, കേരളത്തിലെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാന ഗവൺമെന്റിൽനിന്നും ഏതെങ്കിലും സഹായം തേടുകയാണെങ്കിൽ ആ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതിക്കാർക്കും-പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും സംവരണം കൊടുക്കണമെന്നുള്ളതാണ് എന്റെ സബ്മിഷന്റെ കാതൽ. ഇത് എന്റെ പുതിയ ഒരു ആവശ്യമല്ല. അടുത്തകാലത്തായിട്ട് സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ കുറേശ്ശയായി സ്വകാര്യവൽക്കരിക്കപ്പെടുകയാണ്. ഉദാഹരണമായി കെ.എസ്.ഇ.ബി.യുടെ പവർ ജനറേഷൻ വിഭാഗം ഇപ്പോൾ സ്വകാര്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. സമീപഭാവിയിൽ ഡിസ്ട്രിബ്യൂഷനും അതുപോലെ ട്രാൻസ്മിഷനും സ്വകാര്യവൽക്കരിക്കപ്പെടും. സർക്കാരിന്റെ സ്ഥാപനം തന്നെ സ്വകാര്യവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. എന്നുമാത്രമല്ല, നിലവിലുള്ള ഒട്ടേറെ സ്വകാര്യവ്യവസായ സ്ഥാപനങ്ങൾ സർക്കാരിൽനിന്നും സബ്സിഡി വാങ്ങുന്നുണ്ട്. കെ.എഫ്.സി.യിൽ നിന്നും ലോൺ വാങ്ങുന്നുണ്ട്. അങ്ങനെ സംസ്ഥാന ഗവൺമെന്റിൽനിന്നും ഏതെങ്കിലും തരത്തിലുള്ള സഹായം വാങ്ങുമ്പോൾ ആ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാർക്കും പിന്നോക്കക്കാർക്കും ജോലിയിൽ സംവരണം വേണമെന്നുള്ള എന്റെ ആവശ്യം പുതിയതല്ല. 1965 ജനുവരി മാസം 4-ാം തീയതിയും അതിനു

LIBRARY ARCHIVES Kerala Legislative Assembly